പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 3864

21-10-2016 ൽ മറുപടിക്ക്

## കേരഫെഡ് വഴി വെർജിൻ വെളിച്ചെണ്ണ ഉൽപ്പാദനം

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തി ലെത്തിയ ശേഷം കേരഫെഡിന്റെ പുരോഗതിയ്ക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്ത മാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കേരഫെഡിനെ കേരള നാളികേര വികസന കോർപ്പറേഷനിൽ ലയിപ്പിച്ചുകൊണ്ട് മുൻ സർക്കാർ ഇറക്കിയ ഉത്തരവ് റദ്ദ് ചെയ്യുകയും കേരഫെഡിൽ പുതിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചു കൊണ്ട് ഉത്തരവാകുകയും ചെയ്തു. കേരഫെഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പുരോഗതി കൈവരിക്കുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയാണ്. കേരഫെഡിന്റെ പ്രവർത്തനത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ക്രമക്കേടുകൾ നടന്നതായി കൃഷി വകുപ്പിലെ വിജിലൻസ് വിംഗ് കണ്ടെത്തിയതിനെത്തുടർന്ന് ആയത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയെക്കൊണ്ട് അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ കേരഫെഡിലെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും, മാർക്കറ്റിംഗ് ശക്തിപ്പെടുത്താനും നടപടി സ്വീകരിച്ചുവരുന്നു. |
| ബി) കേരഫെഡ് വഴി പച്ചത്തേങ്ങയിൽ നിന്ന് വെർജിൻ വെളിച്ചെണ്ണ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | (ബി) ഇല്ല. |
| സി) വെർജിൻ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കാനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇവ സ്ഥാപിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | (സി) വെർജിൻ വെളിച്ചെണ്ണ അടക്കമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പുതിയ പ്രോസ്സസിംഗ് യൂണിറ്റ് അടക്കമുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ